സൂറഃ-8

# അൽ അൻഫാൽ

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

يَسْـَٔلُونَكَ عَنِ ٱلْأَنفَالِ ۖ قُلِ ٱلْأَنفَالُ لِلَّهِ وَٱلرَّسُولِ ۖ فَٱتَّقُوا۟ ٱللَّهَ وَأَصْلِحُوا۟ ذَاتَ بَيْنِكُمْ ۖ وَأَطِيعُوا۟ ٱللَّهَ وَرَسُولَهُۥٓ إِن كُنتُم مُّؤْمِنِينَ ﴿١﴾

**1.** ആളുകൾ നിന്നോട് യുദ്ധമുതലുകളെക്കുറിച്ച് ചോദിക്കുന്നുവല്ലോ. പറയുക: യുദ്ധമുതലുകൾ അല്ലാഹുവിന്നും ദൈവദൂതന്നുമുള്ളതാകുന്നു. ആകയാൽ അല്ലാഹുവിനോട് ഭക്തിയുള്ളവരായിരിക്കുവിൻ. പരസ്പരബന്ധങ്ങൾ നന്നാക്കുവിൻ. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുവിൻ- നിങ്ങൾ യഥാർഥ സത്യവിശ്വാസികളാണെങ്കിൽ.

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ ءَايَٰتُهُۥ زَادَتْهُمْ إِيمَٰنًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٢﴾

**2.** അല്ലാഹുവിനെക്കുറിച്ചോർമിപ്പിച്ചാൽ ഹൃദയം പ്രകമ്പിതമാകുന്നവരത്രെ യഥാർഥ സത്യവിശ്വാസികൾ. അവന്റെ സൂക്തങ്ങൾ ഓതിക്കേൾപ്പിച്ചാലോ അവരുടെ വിശ്വാസം വർധിക്കുകയായി. സർവസ്വവും തങ്ങളുടെ നാഥനിൽ സമർപ്പിക്കുകയും ചെയ്യുന്നു.

يَسْـَٔلُونَكَ = അവർ(ആളുകൾ) നിന്നോടു ചോദിക്കുന്നു(വല്ലോ) عَنِ ٱلْأَنفَالِ = മിച്ചമുള്ളവയെ (യുദ്ധമുതലുകളെ)ക്കുറിച്ച്
قُلِ = നീ പറയുക ٱلْأَنفَالُ = യുദ്ധമുതലുകൾ لِلَّهِ وَٱلرَّسُولِ = അല്ലാഹുവിന്നും (അവന്റെ) ദൂതന്നും ഉള്ളതാകുന്നു
فَٱتَّقُوا۟ ٱللَّهَ = ആകയാൽ നിങ്ങൾ അല്ലാഹുവിനോട് ഭക്തിയുള്ളവരായിരിക്കുവിൻ وَأَصْلِحُوا۟ = നിങ്ങൾ നന്നാക്കുവിൻ
ذَاتَ بَيْنِكُمْ = നിങ്ങളുടെ പരസ്പര ബന്ധങ്ങൾ وَأَطِيعُوا۟ ٱللَّهَ = നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുകയും ചെയ്യുവിൻ
وَرَسُولَهُۥٓ = അവന്റെ ദൂതനെയും إِن كُنتُم = നിങ്ങൾ ആണെങ്കിൽ مُّؤْمِنِينَ = (യഥാർഥ സത്യ)വിശ്വാസികൾ
إِنَّمَا ٱلْمُؤْمِنُونَ = തീർച്ചയായും (യഥാർഥ) സത്യവിശ്വാസികൾ (ഇങ്ങനെയുള്ളവർ മാത്രമാകുന്നു)
ٱلَّذِينَ إِذَا ذُكِرَ ٱللَّهُ = അവർ അല്ലാഹുവിനെ പറയപ്പെട്ടാൽ (കുറിച്ചോർമിപ്പിച്ചാൽ)
وَجِلَتْ قُلُوبُهُمْ = അവരുടെ ഹൃദയങ്ങൾ പ്രകമ്പിതമാ(കുന്നു)യി وَإِذَا تُلِيَتْ = ഓതിക്കേൾപ്പിക്കപ്പെട്ടാൽ (കേൾപ്പിച്ചാലോ)
عَلَيْهِمْ = അവരുടെ മേൽ ءَايَٰتُهُۥ = അവന്റെ സൂക്തങ്ങൾ زَادَتْهُمْ = അത് അവർക്ക് വർധിപ്പിച്ചു (വർധിക്കുകയായി)
إِيمَٰنًا = വിശ്വാസം وَعَلَىٰ رَبِّهِمْ = അവരുടെ നാഥന്നു يَتَوَكَّلُونَ = അവർ സർവസ്വം സമർപ്പിക്കുകയും ചെയ്യുന്നു

**1:** ബദ്ർ യുദ്ധം കഴിഞ്ഞ ഉടനെ പ്രവാചകന് അഭിമുഖീകരിക്കേണ്ടിവന്ന ഒന്നാമത്തെ പ്രശ്നത്തെയാണിവിടെ പരാമർശിക്കുന്നത്. യുദ്ധവേളയിൽ ശത്രുപക്ഷത്തുനിന്ന് പിടിച്ചെടുത്ത സാധനസാമഗ്രികൾ എങ്ങനെ കൈകാര്യം ചെയ്യണം എന്നതായിരുന്നു അത്. ജാഹിലിയ്യാ കാലത്ത് യുദ്ധമുതൽ കൈകാര്യം ചെയ്യപ്പെട്ടിരുന്നത് രണ്ടു രീതിയിലാണ്: ഒന്ന്, ശത്രുവിൽനിന്ന് പിടിച്ചെടുത്ത വസ്തു, ആരാണോ അത് പിടിച്ചെടുത്തത് ആ ഭടനുതന്നെ എടുക്കാം. രണ്ട്, യുദ്ധമുതലുകൾ മുഴുക്കെ രാജാവിന് അല്ലെങ്കിൽ സൈന്യാധിപന് സമർപ്പിക്കണം. അവർക്കു വേണമെങ്കിൽ അതു മുഴുവൻ സ്വന്തമാക്കാം. അല്ലെങ്കിൽ ഇഷ്ടമുള്ളത് സ്വന്തമാക്കി ബാക്കിവരുന്നത് ഭടന്മാർക്ക് വിതരണം ചെയ്യാം. സൈനികർക്ക് പ്രത്യേക വേതനമൊന്നും നിശ്ചയിക്കാത്ത സാഹചര്യങ്ങളിൽ ശത്രുപക്ഷത്തുനിന്ന് പിടിച്ചെടുക്കുന്ന മുതലുകൾ തന്നെയായിരുന്നു ഭടന്മാരുടെ മുഖ്യ വരുമാനം. അറബികൾക്കിടയിൽ സാധാരണമായിരുന്ന ഗോത്രയുദ്ധങ്ങളിൽ പങ്കെടുത്തിരുന്നത് വ്യവസ്ഥാപിത സൈന്യമൊന്നു

മായിരുന്നില്ല. യുദ്ധത്തിലേർപ്പെടുന്ന ഗോത്രങ്ങളിൽ ആയുധമേന്താൻ കഴിവുള്ള പുരുഷന്മാരൊക്കെ അതിൽ പങ്കെടുക്കും. ശത്രുപക്ഷത്തുനിന്ന് കൈയിൽ കിട്ടിയതൊക്കെ അത് കിട്ടിയവർ സ്വന്തമാക്കുകയും ചെയ്യും.

ബദ്ർ യുദ്ധത്തിൽ ലഭിച്ച മുതലുകളിലും ഈ സമ്പ്രദായംതന്നെ തുടരണമെന്നായിരുന്നു അത് പിടിച്ചെടുത്ത ഭടന്മാരുടെ നിലപാട്. തങ്ങളാണ് അത് പിടിച്ചെടുത്തത് എന്നതുതന്നെ അതിൽ തങ്ങളുടെ ഉടമാവകാശം സ്ഥിരപ്പെടുത്തുന്നതായി അവർ കരുതി. യുദ്ധം തീരാറായപ്പോൾ തോറ്റോടിയ ശത്രുക്കളെ പിന്തുടർന്ന കുറേ ഭടന്മാരുണ്ടായിരുന്നു. അവർക്ക് പടക്കളത്തിൽനിന്ന് മുതലുകളൊന്നും ശേഖരിക്കാൻ കഴിഞ്ഞിരുന്നില്ല. ഇക്കൂട്ടർ വാദിച്ചു: 'ഞങ്ങൾ ശത്രുക്കളെ പിന്തുടർന്നു ആട്ടിയോടിച്ചതുകൊണ്ടാണ് നിങ്ങൾക്ക് യുദ്ധമുതലുകൾ ശേഖരിക്കാനായത്. ഞങ്ങളും നിങ്ങളെപ്പോലെ മുതൽ ശേഖരിക്കുന്നതിൽ വ്യാപൃതരായിരുന്നുവെങ്കിൽ ശത്രുക്കൾ തിരിച്ചുവരികയും യുദ്ധത്തിന്റെ പര്യവസാനം തന്നെ മാറ്റിമറിക്കുകയും ചെയ്യുമായിരുന്നു. അതുകൊണ്ട് യുദ്ധമുതലുകളിൽ നിങ്ങൾക്കുള്ള അത്രതന്നെ അവകാശം ഞങ്ങൾക്കുമുണ്ട്'. യുദ്ധവേളയിൽ നബി(സ)യെ സംരക്ഷിക്കാൻ അദ്ദേഹത്തിന്റെ ചുറ്റും സുരക്ഷാവലയമായിനിന്ന കുറേ ഭടന്മാരുമുണ്ടായിരുന്നു. അവർ പറഞ്ഞു: നബി(സ)യുടെ സുരക്ഷാചുമതലയാണ് ഞങ്ങളെ യുദ്ധമുതലുകൾ ശേഖരിക്കുന്നതിൽനിന്ന് തടഞ്ഞത്. നബി(സ)ക്ക് അപായം പറ്റിയിരുന്നെങ്കിൽ പിന്നെന്തുയുദ്ധ വിജയം? എന്തു യുദ്ധമുതൽ? അതിനാൽ പ്രവാചകനെ സംരക്ഷിക്കുകയായിരുന്ന ഞങ്ങൾക്ക് യുദ്ധമുതലുകളിലുള്ള അവകാശം അനിഷേധ്യമാണ്'.

പ്രവാചകനാകട്ടെ, യുദ്ധത്തിൽ ലഭിച്ച മുതലുകളെല്ലാം തന്റെ മുന്നിൽ കൊണ്ടുവന്ന് സമർപ്പിക്കാൻ കൽപിച്ചു. സഖാക്കളെല്ലാം അത് അനുസരിക്കുകയും ചെയ്തു. എങ്കിലും അവർ തർക്കം തുടരുകയും ഓരോരുത്തരും അവരവരുടെ വാദം പ്രവാചകന്റെ മുന്നിൽ ഉന്നയിക്കുകയും ചെയ്തു. ഇതേക്കുറിച്ചാണ് يَسْـَٔلُونَكَ (നിന്നോട് അവർ ചോദിക്കുന്നു) എന്ന് പറഞ്ഞത്. നിന്റെ മുമ്പിൽ തർക്കിക്കുന്നു, നിന്നെ ചോദ്യം ചെയ്യുന്നു എന്നു കൂടി സാന്ദർഭികമായി ഇതിനു ധ്വനിയുണ്ട്. نفل-ന്റെ ബഹുവചനമാണ് أنفال. അവകാശത്തേക്കാളും ബാധ്യതയേക്കാളും അധികമാകുന്നതാണ് نفل. തൊഴിലാളിക്ക് ന്യായമായ കൂലിക്കു പുറമെ തൊഴിലുടമ നൽകുന്ന അധികവേതനവും, തൊഴിലാളി തനിക്ക് ലഭിക്കുന്ന വേതനം അർഹിക്കുന്നതിനേക്കാൾ അധികമായി തൊഴിലുടമക്ക് നൽകുന്ന അധിക സേവനവും نفل ആകുന്നു. ഫർദ് നമസ്കാരത്തിനു പുറമെയുള്ള ഐഛിക നമസ്കാരങ്ങളെ صلاة النفل എന്നു പറയുന്നു. ഇവിടെ أنفال കൊണ്ടുദ്ദേശിച്ചിട്ടുള്ളത്, യുദ്ധം കൊണ്ട് ഉദ്ദേശിച്ച ശത്രുസംഹാരത്തിനു പുറമെ അവരിൽനിന്ന് ലഭിച്ച ധനം അഥവാ യുദ്ധമുതലുകൾ ആണ്. യുദ്ധത്തിൽ പിടിച്ചെടുക്കപ്പെടുന്ന ധനം എന്ന അർഥത്തിലുള്ള പദം غنيمة ആണ്. ഖുർആൻ പല സ്ഥലങ്ങളിലും غنيمة തന്നെയാണ് ഉപയോഗിച്ചിട്ടുള്ളതും. ഈ സന്ദർഭത്തിൽ മിച്ചങ്ങൾ- أنفال – എന്നുതന്നെ ഉപയോഗിച്ചത് വളരെ അർഥഗർഭമാണ്. അല്ലാഹുവിന്റെ കൽപനപ്രകാരം മുസ്‌ലിംകൾ നടത്തിയ/നടത്തുന്ന യുദ്ധത്തിന്റെ യഥാർഥ ലക്ഷ്യവും ഫലവും ശത്രുക്കളിൽനിന്ന് ലഭിക്കുന്ന മുതലുകളല്ല. യഥാർഥ ലക്ഷ്യത്തിനും ഫലത്തിനും പുറമെ അല്ലാഹു നൽകിയ അധികനേട്ടമാണ് യുദ്ധമുതൽ. അതിന്റെ കാര്യത്തിൽ നിങ്ങൾ പരസ്പരം തർക്കിക്കുകയും വഴക്കടിക്കുകയും ചെയ്യുന്നതിൽ അർഥമില്ല. യുദ്ധത്തിന്റെ യഥാർഥ ലക്ഷ്യമെന്തെന്ന് പിന്നീട് വിവരിക്കുന്നുണ്ട്. മുസ്‌ലിംകൾക്ക് നിലനിൽക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും സംരക്ഷിക്കുകയും ഫിത്ന-കലാപവും പീഡനവും- ഇല്ലാതാക്കുകയുമാണത്. وَقَـٰتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ ٱلدِّينُ كُلُّهُۥ لِلَّهِ (ഫിത്ന ഇല്ലാതാവുകയും വിധേയത്വം സമ്പൂർണമായി അല്ലാഹുവിനായി ത്തീരുകയും ചെയ്യുന്നതുവരെ ധർമധിക്കാരികളോട് യുദ്ധം ചെയ്യുക- 8:39).

قُلِ ٱلْأَنفَالُ لِلَّهِ وَٱلرَّسُولِ (പറയുക: യുദ്ധമുതലുകൾ അല്ലാഹുവിന്നും ദൂതന്നുമുള്ളതാകുന്നു) എന്ന വാക്യം യുദ്ധമുതലുകൾ സംബന്ധിച്ച അടിസ്ഥാനപരമായ പൊതുവിധിയാണ്. യുദ്ധമുതലുകളിൽ വ്യക്തികൾക്ക് യാതൊരു ഉടമസ്ഥതയുമില്ല. മറ്റെല്ലാ സമ്പത്തുമെന്ന പോലെ മൗലികമായി യുദ്ധമുതലുകളും അല്ലാഹുവിന്റേതാണ്. ഒരു മുതലിനെ അല്ലാഹുവിന്റേതും ദൈവദൂതന്റേതും എന്നു പറയുന്നതിനർഥം അത് രാഷ്ട്രത്തിന്റെ, സമൂഹത്തിന്റെ പൊതുസ്വത്താകുന്നു എന്നാണ്. അല്ലാഹുവിന്റെ മുതൽ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നിശ്ചയിക്കേണ്ടത് അല്ലാഹുവാണ്. അതുകൊണ്ട് ഈ വിഷയത്തിൽ അല്ലാഹുവിന്റെ പരമാധികാരം മാനിക്കുകയും അവന്റെ കൽപന വരുന്നത് കാത്തിരിക്കുകയുമാണ് നിങ്ങൾ ചെയ്യേണ്ടത്. അതാണ് فَٱتَّقُوا۟ ٱللَّهَ (നിങ്ങൾ അല്ലാഹുവിനോട് ഭക്തിയുള്ളവരായിരിക്കുവിൻ) എന്നു പറഞ്ഞതിന്റെ താൽപര്യം.

നിങ്ങൾ ഒറ്റക്കെട്ടായിനിന്ന് ജീവൻ ബലികൊടുക്കാൻ സന്നദ്ധരായി നടത്തിയ യുദ്ധത്തിന്റെ മഹത്തായ ലക്ഷ്യം മറന്ന് ക്ഷുദ്രമായ യുദ്ധമുതലുകളെച്ചൊല്ലി വഴക്കടിക്കുന്നത് തികച്ചും അനാശാസ്യമാണ്. നിങ്ങൾ നേടിയ വിജയത്തെ അത് നിഷ്പ്രഭമാക്കും. നിങ്ങൾ സ്വയം നശിക്കുകയാണെങ്കിൽ പിന്നെ ശത്രുക്കളെ ജയിച്ചതുകൊണ്ടെന്തു കാര്യം? അതുകൊണ്ട് വഴക്കും വക്കാണവും ഉപേക്ഷിച്ച് പരസ്പരബന്ധങ്ങൾ സുദൃഢവും സ്നേഹോഷ്മളവുമാക്കുക. ഇടയിൽ, തമ്മിൽ എന്ന അർഥത്തിലുള്ള പദമാണ് بين. രണ്ട് സംഗതികൾക്കിടയിലുള്ള അടുപ്പത്തെ സൂചിപ്പിക്കാനും അകൽച്ചയെ സൂചിപ്പിക്കാനും ഇത് ഉപയോഗിക്കും. സമൂഹത്തിലെ വ്യക്തികൾ തമ്മിലുള്ള ബന്ധമാണ് بين ذات. നിങ്ങൾ തമ്മിലുള്ള നല്ല ബന്ധങ്ങൾ കാത്തുസൂക്ഷിക്കുക. യുദ്ധമുതലുകൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അല്ലാഹുവും റസൂലും നിശ്ചയിക്കും. ആ നിശ്ചയത്തെ അനുസരിക്കുകയാണ് യഥാർഥ വിശ്വാസികളാണെങ്കിൽ നിങ്ങൾക്ക് ചെയ്യാനുള്ളത്- وَأَطِيعُوا۟ ٱللَّهَ وَرَسُولَهُۥٓ إِن كُنتُم مُّؤْمِنِينَ. ബദ്റിൽ ലഭിച്ച മുതലുകൾ വിതരണം ചെയ്യേണ്ടതെങ്ങനെയെന്ന് ഈ സൂറയിലെ 41-ാം സൂക്തത്തിൽ പറയുന്നുണ്ട്. അല്ലാഹുവിലും വേദത്തിലും യഥാർഥത്തിൽ വിശ്വസിക്കുന്നവരാണെങ്കിൽ അത് അംഗീകരിക്കണമെന്ന് അവിടെയും ഗൗരവപൂർവം ഓർമിപ്പിച്ചതായി കാണാം.

അല്ലാഹുവിനെയെന്ന പോലെ റസൂലിനെയും അനുസരിക്കുക ഈമാന്റെ അനിവാര്യ താൽപര്യമാണെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. ഇതൊരു പൊതു തത്ത്വമാണ്. തങ്ങൾ യുദ്ധക്കളത്തിൽനിന്ന് ശേഖരിച്ച മുതലുകൾ പ്രവാചകൻ തങ്ങൾക്കുതന്നെ വിട്ടുതരണമെന്ന വാശി യഥാർഥ സത്യവിശ്വാസവുമായി പൊരുത്തപ്പെടുന്നതല്ല എന്നാണതിന്റെസാന്ദർഭികമായ താൽപര്യം.

സൂക്തം പരാമർശിക്കുന്നത് യുദ്ധമുതലുകളെയാണെങ്കിലും യുദ്ധത്തെ സംബന്ധിച്ച കാഴ്ചപ്പാടിനെത്തന്നെ നിർണയിക്കുന്നുണ്ട് അതിലെ വാക്കുകൾ. ജാഹിലിയ്യാകാലത്ത് അറബികൾ യുദ്ധത്തിലേർപ്പെട്ടിരുന്നത് അന്യരോടുള്ള പകപോക്കാനും അവരുടെ ധനം പിടിച്ചെടുക്കാനുമായിരുന്നു. ആ സങ്കൽപം മനസ്സിൽനിന്ന് പൂർണമായി മാഞ്ഞുപോയിട്ടില്ലാത്തതുകൊണ്ടാണ് യുദ്ധാനന്തരം മുസ്‌ലിംകളുടെ ശ്രദ്ധ മുഴുവൻ യുദ്ധമുതലുകളിൽ പതിഞ്ഞത്. എന്നാൽ യുദ്ധമുതലുകൾ ഒരൈഹിക ലാഭം മാത്രമാണ്. മുസ്‌ലിംകൾ യുദ്ധം ചെയ്യുന്നത് അതിനു വേണ്ടിയല്ല. പ്രത്യുത, ജനങ്ങൾ ദൈവഭക്തിയുള്ളവരാവാനും അല്ലാഹുവും റസൂലും അനുസരിക്കപ്പെടുന്നതിലൂടെ ആ ഭക്തി പ്രാവർത്തികമാകുന്നതിനുമാണ്. സമാധാനപരമായ പ്രബോധ

നമാണ് അതിന്റെ അടിസ്ഥാനപരമായ മാർഗം. ഈ മാർഗത്തിലൂടെയുള്ള ശ്രമങ്ങൾ പൈശാചികശക്തികൾ ഹിംസാത്മകമായ സായുധ നടപടികളിലൂടെ അസാധ്യമാക്കുകയും മറ്റു രക്ഷാമാർഗമില്ലാതെ വരികയും ചെയ്യുമ്പോൾ മാത്രം അവലംബിക്കേണ്ടതാണ് സായുധസമരം. ദൈവഭക്തിക്കും, അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള കൂറിനും അനുസരണത്തിനും നിരക്കാത്ത യാതൊന്നും അതിൽ ഉണ്ടാവാൻ പാടില്ല.

**2:** ഒന്നാം സൂക്തത്തിൽ, യഥാർഥ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനോട് ഭയഭക്തിയുള്ളവരായിരിക്കുകയും പരസ്പരബന്ധങ്ങൾ നന്നാക്കുകയും അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുകയും വേണമെന്നു പറഞ്ഞുവല്ലോ. തുടർന്ന് സത്യവിശ്വാസികളുടെ അഞ്ച് അനിവാര്യ ഗുണങ്ങൾ വിശദീകരിച്ചിരിക്കുകയാണ് (മൂന്നെണ്ണം ഈ സൂക്തത്തിലും രണ്ടെണ്ണം അടുത്ത സൂക്തത്തിലും). ഈ ഗുണങ്ങൾ ഉള്ളവർ മാത്രമേ യഥാർഥ സത്യവിശ്വാസികളാകൂ. അതില്ലാത്തവർ ഒന്നുകിൽ യഥാർഥ സത്യവിശ്വാസം എന്താണെന്നറിയാത്തവരാണ്. അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് ആളുകളെയും അല്ലാഹുവിനെയും വഞ്ചിക്കാൻ ശ്രമിക്കുന്നവരാണ്.

1) അല്ലാഹുവിനെക്കുറിച്ചോർമിപ്പിച്ചാൽ ഉള്ളിൽ ഭയവും ഉത്കണ്ഠയുമുണരുക. وَجِلَتْ قُلُوبُهُمْ എന്നാണ് മൂലവാക്ക്. ഭയം, ഗൗരവബോധത്താൽ രോമങ്ങൾ എടുത്തുപിടിക്കൽ, സ്വന്തം വീഴ്ചയുടെ പേരിൽ തനിക്കു മീതെയുള്ള ശക്തിയുടെ അപ്രീതി സംബന്ധിച്ച ഉത്കണ്ഠ, സംത്രാസം എന്നൊക്കെ وجل-ന് അർഥമുണ്ട്. തന്നിൽനിന്നുണ്ടായ ഒരബദ്ധത്തിന്റെ, വീഴ്ചയുടെ പശ്ചാത്തലത്തിൽ അല്ലാഹുവിനെ ഓർമിപ്പിച്ചാൽ, അല്ലാഹുവിൽ യഥാർഥ വിശ്വാസമുള്ളവരെ അത് ചകിതരാക്കുകയും ആ അബദ്ധത്തിൽനിന്ന് ഉടനെ പിന്മാറുകയും ചെയ്യും. അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ ദൈവവിശ്വാസം അവരുടെ ഹൃദയത്തിൽ അടിയുറച്ചിട്ടില്ല. അല്ലാഹുവിനെക്കുറിച്ചോർമിപ്പിച്ചാൽ ഭയപ്പെടുകയും തെറ്റിൽനിന്ന് പിന്മാറുകയും ചെയ്യുന്നതിന് ഹദീസിൽനിന്നുള്ള ഒരു ഉദാഹരണം: വിശ്വാസിയായ ഒരു യുവാവ് അതിസുന്ദരിയായ ഒരു യുവതിയെ മോഹിച്ചിരുന്നു. ഒരിക്കൽ ആ യുവതിയെ പ്രാപിക്കാൻ അയാൾക്ക് ഒരവസരം ഒത്തുകിട്ടി. അയാൾ കടന്നുപിടിച്ചപ്പോൾ അവൾക്ക് രക്ഷപ്പെടാൻ ഒരുപഴുതുമുണ്ടായിരുന്നില്ല. അയാൾക്കാവട്ടെ വളരെ നാളായി കൊണ്ടുനടക്കുന്ന ഒരു മോഹം സഫലമാക്കാനുള്ള സുവർണാവസരം ലഭിച്ചിരിക്കുകയാണ്. ആ സ്ത്രീ ഇത്ര മാത്രമേ പറഞ്ഞുള്ളു: اَتَّقِ اللَّهَ (നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക). പെട്ടെന്ന് അയാളുടെ പിടി അയഞ്ഞു. വികാരാവേശം എങ്ങോ പോയിമറഞ്ഞു. അല്ലാഹു തന്റെ മുമ്പിൽ വന്നുനിൽക്കുന്നതുപോലെ അയാൾക്കു തോന്നി. അവന്റെ മഹത്വവും ഗാംഭീര്യവും വിധിവിലക്കുകളുടെ ഗൗരവവുമെല്ലാം അയാളെ ചകിതനാക്കി. അയാൾ ഒരു ക്ഷമാപണത്തോടെ ആ സ്ത്രീയെ വിട്ടയച്ചു. കാരണം, അയാൾ യഥാർഥ സത്യവിശ്വാസിയായിരുന്നു. വിശ്വാസപ്രേരിതമായ ഈ നടപടിയുടെ പേരിൽ മാരകമായ ഒരു വിപത്തിൽനിന്ന് പിന്നീട് അല്ലാഹു അയാളെ രക്ഷിച്ചതായും ഹദീസിൽ പറയുന്നുണ്ട്. ഉമർ(റ) ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി: أفضل من ذكر الله باللسان ذكر الله عند أمره ونهيه (നാവുകൊണ്ട് അല്ലാഹുവിനെ പറയുന്നതിനേക്കാൾ ശ്രേഷ്ഠമാകുന്നു അല്ലാഹുവിനെ അവന്റെ കൽപനയുടെയും നിരോധത്തിന്റെയും അടുത്ത് സ്മരിക്കുന്നത്). ഈ സൂക്തത്തെ വിശദീകരിച്ചുകൊണ്ട് ഇമാം സുദ്ദി പറഞ്ഞതായി ഇബ്നു ജരീറും ബൈഹഖിയും ഉദ്ധരിക്കുന്നു: "അത് ഒരക്രമം ഉദ്ദേശിക്കുകയോ ഒരു പാപം ചെയ്യാൻ തുനിയുകയോ ചെയ്ത ഒരാളാണ്. അപ്പോൾ അയാളോട് അല്ലാഹുവിനെ സൂക്ഷിക്കുക - اَتَّقِ اللَّهَ - എന്നു പറയപ്പെടുന്നു. അതു കേട്ട് അയാളുടെ മനസ്സ് ഭീതിതമാകുന്നു." ദൈവത്തെ ഓർത്ത് നിങ്ങൾ അത് ചെയ്യരുത്, അല്ലെങ്കിൽ ചെയ്യണം എന്ന് മുസ്‌ലിംകളല്ലാത്തവരും പറയാറുണ്ടല്ലോ. മനസ്സിന്റെ അടിത്തട്ടിൽ ദൈവവിശ്വാസമുള്ളവർ അതുകേട്ട് വീണ്ടുവിചാരത്തിന് തയാറാകുന്നു. ദൈവവിശ്വാസം തീരെ ഇല്ലാത്തവർക്ക് അത് കേൾക്കുന്നതും കേൾക്കാതിരിക്കുന്നതും തുല്യമാണ്. വിശ്വാസം അവകാശപ്പെടുന്നവർക്ക് സ്വന്തം വിശ്വാസത്തിന്റെ മാറ്റ് മനസ്സിലാക്കാനുള്ള ഒരവസരം കൂടിയാണത്. തന്റെ നടപടികളും നിലപാടുകളും അല്ലാഹുവിന്റെ പേരിൽ വിമർശിക്കപ്പെടുമ്പോൾ, ഉത്കണ്ഠാകുലനാവുകയും വിമർശനവിധേയമായത് പുനഃപരിശോധിക്കാനും തെറ്റുണ്ടെങ്കിൽ തിരുത്താനും തയാറാവുകയും ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ മനസ്സിൽ ഉറച്ച ഈമാനുണ്ട്. ഇല്ലെങ്കിൽ ഈമാൻ മനസ്സിലെത്തിയിട്ടില്ല.

2) അല്ലാഹുവിന്റെ സൂക്തം കേൾപ്പിക്കപ്പെട്ടാൽ അവരുടെ ഈമാൻ വർധിക്കുന്നു- وَإِذَا تُلِيَتْ عَلَيْهِمْ ءَايَٰتُهُۥ زَادَتْهُمْ إِيمَٰنًا. മനസ്സിൽ തട്ടിയ ഈമാനുള്ളവർ, ഈമാനിനു നിരക്കാത്ത നടപടിയിലേർപ്പെടുമ്പോൾ അല്ലാഹുവിന്റെ പേരുകേട്ടാൽ ഞെട്ടുക മാത്രമല്ല അവന്റെ വിധിവിലക്കുകളറിയുമ്പോൾ അവരുടെ ഈമാൻ ശക്തിപ്പെടുകയും ചെയ്യും. ഇവിടെ സൂക്തങ്ങൾ - ءَايَٰتُهُۥ - എന്നതുകൊണ്ടുദ്ദേശ്യം വിധിവിലക്കുകളാണെന്ന് പശ്ചാത്തലത്തിൽനിന്ന് വ്യക്തമാകുന്നു. വിശ്വാസികൾ അല്ലാഹുവിനെ അനുസ്മരിപ്പിക്കപ്പെടുമ്പോൾ ഭീതിതരാകുന്നത് അവനോടുള്ള സ്നേഹത്തിന്റെയും വിധേയത്വബോധത്തിന്റെയും ഫലമായിട്ടാണ്. അല്ലാഹുവിന്റെ പ്രീതിയാണ് അവരുടെ ആത്യന്തിക ലക്ഷ്യം. അല്ലാഹുവിന്റെ പ്രീതി നേടാനും അപ്രീതിയിൽനിന്ന് രക്ഷപ്പെടാനുമുള്ള മാർഗങ്ങൾ സംബന്ധിച്ച ജ്ഞാനമാണ് അവന്റെ സൂക്തങ്ങൾ. അല്ലാഹുവിന്റെ നിയമങ്ങൾ അനുസരിക്കപ്പെടുന്നതിലൂടെയാണ് ഈമാൻ സാക്ഷാത്കരിക്കപ്പെടുന്നത്. അതിനാൽ അവയെ സംബന്ധിച്ച അറിവ് മുഅ്മിനിന്റെ ഈമാൻ വർധിപ്പിച്ചുകൊണ്ടിരിക്കും.

ഈമാൻ ഏറുകയും കുറയുകയും ചെയ്യുമോ എന്നത് ഒരു ദൈവശാസ്ത്ര ചർച്ചയാണ്. ഒരു സംഗതി ഉണ്ടെന്നോ ഇല്ലെന്നോ സംശയത്തിനു യാതൊരു പഴുതുമില്ലാത്തവണ്ണം ബോധ്യപ്പെട്ട മാനസികാവസ്ഥയാണ് ആ സംഗതിയിൽ ഉള്ള ഈമാൻ- വിശ്വാസം. ഈ അവസ്ഥ സ്ഥായിയാണ്. ഏറ്റക്കുറവുകൾക്കതീതമാണ്. ഏറ്റക്കുറവുകൾക്ക് വിധേയമാകുന്ന ബോധ്യം ഈമാൻ ആകുന്നില്ല. അറിവ്, അഭിപ്രായം, നിഗമനം, ഊഹം തുടങ്ങിയ വകുപ്പുകളിലേ അത് പെടുകയുള്ളൂ. ഉദാഹരണമായി അല്ലാഹു ഉണ്ട് എന്ന വിധി. ഒരാൾക്ക് അത് അംഗീകരിക്കാം, സംശയിക്കാം, നിഷേധിക്കാം, നിഷേധത്തിലും സംശയിക്കാം. സംശയത്തിന് അറിവ്, അഭിപ്രായം, നിഗമനം, ഊഹം എന്നിങ്ങനെ പല പടികളുണ്ട്. ഈ പടികളെല്ലാം അതിന്റെ വിപരീത സാധ്യതയെ അംഗീകരിക്കുന്നു. വിപരീത സാധ്യത അംഗീകരിക്കപ്പെടാത്ത അവസ്ഥയാണ് ഈമാൻ. അല്ലാഹു ഉണ്ട്, അവൻ ഏകനാണ് എന്ന് വിശ്വസിക്കുന്നവനെ സംബന്ധിച്ചേടത്തോളം അത് സ്ഥായിയായ പൂർണ ബോധ്യമാണ്. ഇല്ലാതിരിക്കാനുള്ള നേരിയ സാധ്യത പോലും അയാൾ അംഗീകരിക്കുന്നില്ല. അല്ലാഹു ശക്തിയായി അല്ലെങ്കിൽ നേരിയ തോതിൽ ഉണ്ട് എന്നൊരവസ്ഥയില്ല. അല്ലാഹു വർധിച്ച ഏകനാണ്, കുറഞ്ഞ ഏകനാണ് എന്ന അവസ്ഥയുമില്ല. അല്ലാഹുവിന്റെ ആസ്തിക്യത്തിലോ ഏകത്വത്തിലോ ലഘുവായ വിപരീത സാധ്യതയെങ്കിലും അംഗീകരിക്കുന്നവൻ വിശ്വാസി-മുഅ്മിൻ- ആകുന്നില്ല. മുവഹ്ഹിദ്- ഏകദൈവവിശ്വാസി, ബഹുദൈവവാദിക്ക് ബഹുദൈവങ്ങളിൽ വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം തീർച്ചയായും അംഗീകരിച്ചുകൊടുക്കും; എന്നാൽ ബഹുദൈവത്വം സത്യമാകാനുള്ള സാധ്യത ഒരിക്കലും അംഗീകരിക്കുകയില്ല.

ഈമാൻ സുസ്ഥിരമായ ബോധ്യമാണെങ്കിലും ആ ബോധ്യം ഉത്തിഷ്ഠവും ജാഗ്രത്തും വിജൃംഭിതവുമായിത്തീരുന്ന പല സന്ദർഭങ്ങളുമുണ്ട്; ഈമാൻ യഥാർഥ ഈമാനാണെങ്കിൽ. ഒരു

വിശ്വാസത്തിനനുകൂലമായ തെളിവുകൾ പ്രത്യക്ഷപ്പെടുമ്പോൾ നമുക്കതിലുള്ള വിശ്വാസം കൂടുതൽ ദൃഢമാകുന്നു. യഥാർഥത്തിൽ തെളിവ് ആവശ്യമില്ലാത്തവിധം നമുക്ക് ബോധ്യമുള്ളതാണാ സംഗതിയെങ്കിലും. ഇങ്ങനെ തെളിവുകൾ വർധിക്കുകയും ശക്തിപ്പെടുകയും സുവ്യക്തമാവുകയും ചെയ്യുംതോറും വിശ്വാസം ദൃഢപ്പെട്ടുകൊണ്ടിരിക്കും. ഇതേക്കുറിച്ചാണ് ഇവിടെ ഈമാന്റെ വർധനവ്- زَادَتْهُمْ إِيمَـٰنًا - എന്നു പറഞ്ഞിരിക്കുന്നത്. തെളിവിന്റെയും ഉത്തിഷ്ഠമാക്കുന്ന മറ്റു ഘടകങ്ങളുടെയും അഭാവത്തിൽ ഈമാൻ നിഷ്ക്രിയവും നിസ്തേജവുമാകുന്നതിനെ ഈമാന്റെ ക്ഷയം -ന്യൂനത എന്നും പറയുന്നു. വർധനവിന്റേതും ന്യൂനതയുടേതുമായ രണ്ടവസ്ഥകളിലും അടിസ്ഥാനപരമായി ഈമാൻ ഉണ്ട് എന്നത് ശ്രദ്ധേയമാകുന്നു. അതില്ലെങ്കിൽ പിന്നെ ഏറ്റക്കുറവുണ്ടാകുന്നത് ബോധ്യത്തിലാണ്. ബോധ്യത്തിലെ ഏറ്റക്കുറവ് ഈമാന്റെ സത്തയെ നിഷേധിക്കുന്നു.

ഈമാന്റെ വർധനവ്-زيادة- മാത്രമേ ഖുർആനും സുന്നത്തും പരാമർശിക്കുന്നുള്ളൂ. കുറവ്-نقص- പരാമർശിക്കുന്നില്ല. ഈമാനിന് കുറവ് എന്ന അവസ്ഥയില്ലാത്തതുകൊണ്ടാണിതെന്ന് ചിലർ കരുതുന്നു. ഈമാൻ എന്നാൽ ഉറപ്പാണ്. ഉറപ്പ് തെളിവുകളിലൂടെ ശക്തിപ്പെടാം, വർധിക്കാം. പക്ഷേ ഉറപ്പിൽ കുറവുണ്ടാവുക എന്നാൽ ഉറപ്പില്ലാതാവുകയാണ്. അതായത് ഈമാന്റെ കുറവ് ഈമാന്റെ നിഷേധമാണ്. അതുകൊണ്ട് മാലികുബ്നു അനസ് പ്രസ്താവിച്ചു: ഈമാൻ വർധിക്കും; കുറയുകയില്ല- الإيمان يزيد ولا ينقص.

ഈമാന്റെ താൽപര്യമായ കർമങ്ങളെയും ഈമാൻ എന്നു വ്യവഹരിക്കാറുണ്ട്. നമസ്കാരത്തെ ഖുർആൻ ഈമാൻ എന്നു വ്യവഹരിച്ചതായി കാണാം: وَمَا كَانَ ٱللَّهُ لِيُضِيعَ إِيمَـٰنَكُمْ (അല്ലാഹു നിങ്ങളുടെ ഈമാനിനെ പാഴാക്കുകയില്ല). ഇവിടെ ഈമാൻ കൊണ്ടുദ്ദേശിച്ചിട്ടുള്ളത് നമസ്കാരമാണെന്ന് സന്ദർഭത്തിൽനിന്ന് സ്പഷ്ടമാകുന്നു. ഈമാനിന്റെ പ്രായോഗിക വശമാണല്ലോ 'ഇസ്‌ലാം'. ഇസ്‌ലാമിനെ ഉദ്ദേശിച്ചും ഈമാൻ എന്നു പറയാറുണ്ട്. കർമങ്ങളിൽ വൃദ്ധിക്ഷയം സാധാരണമാണല്ലോ. ഈ അർഥങ്ങളിലൊക്കെ ഈമാൻ ഏറുകയും കുറയുകയും ചെയ്യും. ഈ ആശയത്തെ സൂചിപ്പിച്ചുകൊണ്ടാണ് ഇമാം ബുഖാരി തന്റെ *സ്വഹീഹി*ലെ ഒരു അധ്യായത്തിന് 'ഈമാൻ കർമം തന്നെ എന്നു വാദിച്ചവരെക്കുറിച്ചുള്ള അധ്യായം' -باب من قال ان الإيمان هو العمل- എന്ന ശീർഷകം നൽകിയത്. അതൊന്നുകൂടി വിശദീകരിച്ചുകൊണ്ട് ശൈഖ് ഇബ്നു അബീസൈദ് പറഞ്ഞു: "നാവുകൊണ്ടുള്ള വാക്കും ഹൃദയം കൊണ്ടുള്ള ഏകാഗ്രതയും (اخلاص) അവയവങ്ങൾ കൊണ്ടുള്ള കർമവുമാകുന്നു ഈമാൻ. കർമങ്ങൾ വർധിക്കുന്ന മുറക്ക് അത് വർധിക്കുകയും കർമങ്ങൾ കുറയുന്ന മുറക്ക് കുറയുകയും ചെയ്യും. അങ്ങനെയാണ് അതിനു വൃദ്ധിക്ഷയം ബാധകമാകുന്നത്."

ഈമാൻ ഒരു മുരടുപോലെയാണ്. അതിന്റെ താൽപര്യമാകുന്ന ദൈവികശാസനയും ശരീഅത്തുമെല്ലാം ആ മുരടിൽനിന്ന് പൊട്ടിമുളച്ച കൊമ്പുകളും ചില്ലകളും ഇലകളുമൊക്കെയാണ്. ഈമാനിലുണ്ടാകുന്ന പൂക്കളും പഴങ്ങളുമാണ് ശരീഅത്ത്. ഈമാനാകുന്ന ചെടി മനസ്സിൽ നട്ടുവളർത്തുന്നവർ അതിൽ പൂവും പഴവുമുണ്ടാകുന്നുവെന്നറിയുമ്പോൾ തങ്ങൾ വളർത്തുന്ന ചെടിയെക്കുറിച്ച് കൂടുതൽ ബോധവും ജാഗ്രതയുമുള്ളവരാവുക സ്വാഭാവികമാണ്. ഉള്ളിൽ ഈമാനുള്ളവരുടെ മുന്നിൽ ഈമാനിന്റെ അനിവാര്യതകളും താൽപര്യങ്ങളും വന്നെത്തുമ്പോൾ അവരതിനെ സസന്തോഷം സ്വാഗതം ചെയ്യുന്നു എന്ന ആശയമാണ് زَادَتْهُمْ إِيمَـٰنًا എന്ന പ്രയോഗത്തിൽ പ്രകാശിക്കുന്നത്. താൻ നട്ടുവളർത്തിയ ചെടിയുടെ പൂവിന്റെയും പഴത്തിന്റെയും കാഴ്ച കർഷകനിലുണ്ടാക്കുന്ന സന്തോഷം തന്നെയാണ് അതവനിലുണ്ടാക്കുന്നത്. സന്ദർഭത്തിൽ വെച്ചു വായിക്കുമ്പോൾ ഇതുൾക്കൊള്ളുന്ന ധ്വനിയിതാണ്: യുദ്ധമുതലുകൾ അല്ലാഹുവിനും റസൂലിനുമുള്ളതാണെന്ന വിധി കേൾക്കുമ്പോൾ അവരാ വിധിയെ സസന്തോഷം സ്വീകരിക്കുന്നു. മറിച്ച് ആ വിധി തങ്ങൾക്ക് വന്നുപെട്ട ഒരാപത്തായോ തങ്ങളുടെ താൽപര്യങ്ങളെ ഹനിക്കുന്നതായോ തോന്നുന്നുവെങ്കിൽ അവരുടെ വിശ്വാസവാദത്തിൽ കാര്യമില്ല എന്ന വിമർശനവും ഇതുൾക്കൊള്ളുന്നു.

ഈമാനിന്റെ ചെറുതും വലുതുമായ ഓരോ താൽപര്യവും മുഅ്മിനിന്റെ മുന്നിൽ വരുന്നത് ഓരോ പരീക്ഷണമായിട്ടാണ്. യഥാർഥ വിശ്വാസികൾക്ക് ആ പരീക്ഷണത്തെ ഒട്ടും പരിഭ്രമിക്കാതെ വിജയകരമായി നേരിടാൻ കഴിയുന്നു. അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ഓരോ പരീക്ഷണവും -അതെത്ര ക്ലിഷ്ടവും തീക്ഷ്ണവുമായിരുന്നാലും ശരി- വിജയത്തിലേക്കുള്ള ഓരോ കവാടമാണ്. തങ്ങളുടെ പ്രതീക്ഷക്ക് കടകവിരുദ്ധമായ ഭൗതികഫലം പ്രത്യക്ഷപ്പെടുമ്പോഴും കടുത്ത പ്രയാസങ്ങളിലും പ്രതിസന്ധികളിലും അകപ്പെടുമ്പോഴും ജീവൻതന്നെ ഭീഷണിക്കിരയാകുമ്പോഴുമൊന്നും അവർ പതറുകയില്ല. അത്തരം വിശ്വാസികളെയാണ് സൂറഃ *അൽഅഹ്സാബ്* 22-ാം സൂക്തം ചൂണ്ടിക്കാണിക്കുന്നത്.

وَلَمَّا رَءَا ٱلْمُؤْمِنُونَ ٱلْأَحْزَابَ قَالُوا۟ هَـٰذَا مَا وَعَدَنَا ٱللَّهُ وَرَسُولُهُۥ وَصَدَقَ ٱللَّهُ وَرَسُولُهُۥ ۚ وَمَا زَادَهُمْ إِلَّآ إِيمَـٰنًا وَتَسْلِيمًا ﴿٢٢﴾

(തങ്ങൾക്കെതിരെ ഇരമ്പിയടുക്കുന്ന ശത്രു കക്ഷികളെ കണ്ടപ്പോൾ ആ വിശ്വാസികൾ പറഞ്ഞു: അല്ലാഹുവും അവന്റെ ദൂതനും നമ്മോട് വാഗ്ദത്തം ചെയ്തിട്ടുള്ളതുതന്നെയാണിത്. അല്ലാഹുവിന്റെയും ദൈവദൂതന്റെയും വാഗ്ദാനം തികച്ചും സത്യമായിരിക്കുന്നു. ഈ അവസ്ഥ അവരുടെ ഈമാനും സമർപ്പണവും വർധിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ).

3) അല്ലാഹുവിൽ സമർപ്പിക്കുക-توكل-. യഥാർഥ സത്യവിശ്വാസികൾ തങ്ങളെ മുഴുവനായി അല്ലാഹുവിനു സമർപ്പിച്ചവരാണ്. അവരുടെ ഭൗതികവും ആത്മീയവും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ ഇഷ്ടത്തിനും ആജ്ഞക്കും വിധേയമായിരിക്കും. അവർ സദാ അല്ലാഹുവിന്റെ തണലിലാകുന്നു. മരണാനന്തര സ്വർഗത്തിന്റെ വിലയായി സ്വന്തം ജീവനും ധനവും അവർ അല്ലാഹുവിനു നൽകിയിരിക്കുന്നു. അതുകൊണ്ട് ഈമാൻ ആവശ്യപ്പെടുന്ന കാര്യം എത്ര ലഘുവാകട്ടെ ഗുരുവാകട്ടെ, ലളിതമാകട്ടെ, ക്ലേശകരമാകട്ടെ, അതിന്റെ ഫലം ഭൗതികതാൽപര്യങ്ങൾക്ക് ഗുണകരമാകട്ടെ ഹാനികരമാകട്ടെ, അതുവഴി ഏതെല്ലാം ബന്ധങ്ങൾ ശിഥിലമാകട്ടെ, ദൃഢമാകട്ടെ ഏതവസ്ഥയിലും ഇഹപര വിജയം കുടികൊള്ളുന്നത് ദൈവികശാസനകൾ നടപ്പിലാക്കപ്പെടുന്നതിലാണെന്ന് അവർക്ക് നന്നായറിയാം. ദീനിന്റെ ഏതു കൽപനയും അതിന്റെ വരുംവരായ്കകൾ അല്ലാഹുവിങ്കൽ സമർപ്പിച്ചുകൊണ്ട് പാലിക്കാൻ അവർ സന്നദ്ധരാകുന്നു. യുദ്ധമുതലുകളുടെ പരമാധികാരം അല്ലാഹുവിലും റസൂലിലും അർപ്പിച്ചത് തങ്ങളുടെ താൽപര്യത്തിനു ഹാനികരമാണെന്നു ഭയപ്പെടുകയും ആ വിധിയോട് വിയോജിക്കുകയും ചെയ്ത ദുർബല വിശ്വാസികളുടെ നേരെയുള്ള വിമർശനവുമുണ്ടിതിൽ. സ്വന്തം താൽപര്യത്തെയും അല്ലാഹുവിന്റെയും റസൂലിന്റെയും താൽപര്യത്തെയും രണ്ടായി കാണുന്നത് വിശ്വാസക്ഷയത്തിന്റെ ലക്ഷണമാണ്. യഥാർഥ വിശ്വാസികൾക്ക് സ്വന്തം താൽപര്യങ്ങളേക്കാൾ ഒരുപടി മുന്നിലാണ് അല്ലാഹുവിന്റെയും റസൂലിന്റെയും താൽപര്യം. ഹദീസുകളിൽ ഈ ആശയം പല രൂപത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഉദാ: പ്രവാചകൻ പറയുന്നു: "തന്റെ ഇഛ ഞാൻ കൊണ്ടുവന്നതി(ശരീഅത്തി)നെ പിന്തുടരുന്നതാകുന്നതുവരെ നിങ്ങളിലാരും സത്യവിശ്വാസിയാകുന്നില്ല". "തന്റെ മാതാപിതാക്കളേക്കാളും മക്കളേക്കാളുമെല്ലാം പ്രിയപ്പെട്ടവൻ ഞാനാകുന്നതുവരെ നിങ്ങളിലാരും വിശ്വാസിയാകുന്നില്ല." ■